15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291 — 01-03-2023 - ൽ മറുപടിയ്ക്ക്

ഇതര സംസ്ഥാന തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ കെ ആൻസലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ സൗജന്യ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും പദ്ധതിയിൽ എത്ര പേർ അംഗങ്ങളാണെന്നും ഇനിയും പദ്ധതിയിൽ അംഗമാക്കുന്നതിന് പ്രചാരണ പരിപാടികൾ നടത്തുന്നുണ്ടോയെന്നും അറിയിക്കുമോ; സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത തൊഴിലാളികൾക്ക് രജിസ്ട്രേഷനോ അല്ലെങ്കിൽ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ നിർബന്ധമാക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതും, അഷ്വറൻസ് പരിരക്ഷ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 'ആവാസ്' ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ആയതിൽ സംസ്ഥാനത്താകെ 5,16,320 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 'ഗസ്റ്റ് ആപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ലേബർ ക്യാമ്പുകളിൽ ചിലതെങ്കിലും തീരെ പരിതാപകരമായ സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാനവ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥയും) നിയമപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും, സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. നിലവിൽ 'അപ്നാഘർ' പാലക്കാട് പദ്ധതിയുടെയും കിനാലൂർ പദ്ധതി ഫേസ് 1-ന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | വൃത്തിഹീനമായ ചുറ്റുപാടിലെ താമസം ഇവർക്കിടയിൽ മന്ത് പോലുള്ള രോഗങ്ങൾക്കും മറ്റ് പകർച്ചവ്യാധികൾക്കും കാരണമാകുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ തൊഴിൽ വകുപ്പ് അവർക്കിടയിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരെയുൾപ്പെടുത്തി ക്യാമ്പുകൾ സന്ദർശിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (സി) | ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതര സംസ്ഥാന തൊഴിലാളികളെ ലഹരി, മയക്കുമരുന്ന് സംഘങ്ങൾ കെണിയിലാക്കുന്നതായി പറയപ്പെടുന്നതിനാൽ ഇത് തടയാൻ പ്രത്യേകം ജാഗ്രത പുലർത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | മയക്ക് മരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചരണങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾക്കിടയിലും തൊഴിൽ വകുപ്പ് 'കവച് 2022' എന്ന പേരിൽ ലഹരി പദാർത്ഥങ്ങൾക്കെതിരെ വ്യാപകമായ ബോധവത്ക്കരണം നടത്തിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ലേബർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ., പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവത്ക്കരണം നടത്തിയിരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ